Syro Malabar Commission for Liturgy



## പന്തക്കുസ്താത്തിരുനാൾ

വിളവെടുപ്പിനൊടു ബന്ധപ്പെടുത്തി പന്തക്കുസ്താത്തിരുനാ ൾ അഥവാ വിളവെടുപ്പു തിരുനാൾ ആഘോഷിച്ചിരുന്നതായി പുറപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പുറ 23:16). പെസഹാത്തിരുനാൾ ആഘോഷിക്കുന്ന ആഴ്ചയിലെ സാബത്തുമുതൽ ഏഴാഴ്ചകൾക്കുശേഷമുള്ള സാബത്തുദിനത്തിലാണ് പന്തക്കുസ്താ (അമ്പതാം ദിവസം) തിരുനാൾ ആഘോഷിച്ചിരുന്നത്. 'ശ്ലീഹാ' എന്ന വാക്കിന്റെ അർഥം അയക്കപ്പെട്ടവൻ എന്നാണ്. പന്തക്കുസ്താത്തിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണ് സീറോമലബാർ സഭാ ആരാധനാക്രമമനുസരിച്ച് ശ്ലീഹാക്കാലമായി അറിയപ്പെടുന്നത്.

ഈശോയുടെ ഉയിർപ്പിനുശേഷം അമ്പതാം ദിവസം പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിവന്നതിന്റെ ആഘോഷമാണ് പുതിയനിയമത്തിൽ പന്ത ക്കുസ്താ തിരുനാൾ. സഭയുടെ ഔദ്യോഗികമായ ഉദ്ഘാടനം നടന്നതും ഈ ദിനത്തിലാണ് (ശ്ലീഹ. നട 2:1).

ഈശോ സ്വർഗാരോഹണം ചെയ്തുകഴിഞ്ഞപ്പോൾ ശിഷ്യന്മാരിൽ അന്ധകാരം നിറഞ്ഞു. ആ അവസരത്തിൽ ഈശോ വാഗ്ദാനംചെയ്ത സഹായകനെയും നോക്കിപ്പാർത്ത് സെഹിയോൻമാളികയിൽ ഭയപ്പെട്ടിരിക്കുമ്പോഴാണ് സഹായകനായ പരിശുദ്ധാത്മാവിനെ തീനാവുകളുടെ രൂപത്തിൽ നാഥൻ അവരുടെമേൽ വർഷിക്കുന്നത്. "ഞാൻ ഭൂമിയിൽ തീയിടാനാണ് വന്നിരിക്കുന്നതെന്ന്" (ലൂക്കാ 12:49) ഈശോ ജറുസലേം യാത്രാവേളയിൽ ശിഷ്യരോടു പറയുന്നു. ഈ വാക്കുകൾ ഉത്ഥാനശേഷം അമ്പതു ദിവസങ്ങൾ കഴിഞ്ഞ് അന്വർഥമാകുന്നു. ശിഷ്യരിൽ അഗ്നിനാവുകളുടെ രൂപത്തിൽ റൂഹാ എഴുന്നള്ളിവരുന്നു. ഗ്രീക്ക്ഐതിഹ്യത്തിലെ പ്രോമിത്യൂസ് ദേവന്മാരിൽനിന്ന് മോഷ്ടിച്ചാണ് ഭൂമിയിലേക്ക് അഗ്നി കൊണ്ടുവന്നതെങ്കിൽ മിശിഹായാകട്ടെ കുരിശുമരണവും ഉത്ഥാനം വഴിയാണ് പരിശുദ്ധാത്മാവിനെ അഗ്നിനാവുകളുടെ രൂപത്തിൽ ശിഷ്യന്മാർക്കു നല്കിയത്.

പന്തക്കുസ്താ അനുഭവം ശിഷ്യന്മാരിൽ ആന്തരികപരിവർത്തനം വരുത്തുന്നു. അവർ വിവിധഭാഷകളിൽ ദൈവവചനം പ്രഘോഷിക്കുകയും, വിവിധദേശങ്ങളിൽ വസിക്കുന്നവരെയും വിവിധഭാഷകൾ സംസാരിക്കുന്നവരെയും ഐക്യത്തിന്റെ ചരടിൽ കോർത്തിണക്കുകയും ചെയ്തു. ശ്ലീഹന്മാരെ ശ്രവിച്ചവരുടെ ഇടയിൽ നിലനിന്നിരുന്ന ബാബേൽ ഭിന്നത (ഉത്പ 11: 1-9) കൂട്ടായ്മയ്ക്കും ഐക്യത്തിനുമായി വഴിമാറിക്കൊടുത്തു. മാത്രമല്ല, നഷ്ട ധൈര്യരായിരുന്ന ശ്ലീഹന്മാർ സധൈര്യം ജറുസലേമിലും ലോകമെങ്ങും പോയി സുവിശേഷപ്രഘോഷണം നടത്തുകയും വിവിധസഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തതായി അപ്പസ്തോലപ്രവർത്തനം രേഖപ്പെടുത്തുന്നു (ശ്ലീഹ. നട 2:4, 8-11).

പരിശുദ്ധാത്മാവ് സഭയെ കൂട്ടായ്മയിലും ശുശ്രൂഷാസംവിധാനങ്ങളിലും ഐക്യപ്പെടുത്തുകയും വിവിധദാനങ്ങളാലും സിദ്ധികളാലും നിയന്ത്രിക്കുകയും ദിവ്യഫലങ്ങളാൽ അലങ്കരിക്കുകയും ചെയ്യുന്നുവെന്ന് (എഫേ 4 :11-12) രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (തിരുസഭ 4). പരിശുദ്ധാത്മാവ് വിവിധസിദ്ധികൾകൊണ്ട് സഭയെ നിരന്തരം നയിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നു. ഈ സിദ്ധികൾ സഭയെ നവീകരിക്കുവാനും പടുത്തുയർത്തുവാനും വേണ്ടിയുള്ളവയാണെന്ന് ഫ്രാൻസിസ് പാപ്പ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലികപ്രബോധനത്തിൽ പറയുന്നു (നമ്പർ 130).

കൂദാശകളും വിവിധശുശ്രൂഷകളുംവഴിയാണ് പരിശുദ്ധാത്മാവ് സഭയിൽ പ്രവർത്തിക്കുന്നത്. ദൈവാത്മാവിന്റെ പ്രവർത്തനം ഏറ്റവും സജീവമായി സാക്ഷാത്കരിക്കപ്പെടുന്നത് പരിശുദ്ധകുർബാനയിലാണ്. കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കുവാനായി മുട്ടകളുടെമേൽ അടയിരിക്കുന്ന പിടക്കോഴിയുടെ ചിത്രം പാശ്ചാത്യസുറിയാനിആരാധനക്രമത്തിൽ വളരെ സജീവമാണ്. പിടക്കോഴിയുടെ ചൂടേറ്റു മുട്ടകൾ വിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങളുണ്ടാകുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ചൂടേറ്റ് കുർബാനമദ്ധ്യേ

അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായി മാറുന്നു. വാസ്തവത്തിൽ, പരിശുദ്ധാത്മാവ് പ്രദാനം ചെയ്യുന്ന ചൂടാണ് നമ്മിൽ മിശിഹാ രൂപപ്പെടാൻ സഹായിക്കുന്നത്. പരിശുദ്ധാത്മാവ് ആരാധനാസമൂഹത്തെ മിശിഹായുടെ ശരീരത്തോട് ഐക്യപ്പെടുത്തി ഒറ്റശരീരമാക്കിത്തീർക്കുന്നുവെന്ന് ബെനഡിക്ട് പാപ്പ പഠിപ്പിക്കുന്നു (സ്നേഹത്തിന്റെ കൂദാശ, 13).

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ മിശിഹായുടെ സുവിശേഷവുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് അയയ്ക്കപ്പെട്ടതുപോലെ മാമ്മോദീസാ, തൈലാഭിഷേകം, കുർബാന എന്നീ കൂദാശകളിലൂടെ പരിശുദ്ധാത്മാവിനാൽ പൂരിതരായ നാമെല്ലാവരും സുവിശേഷവാഹകരും സുവിശേഷപ്രഘോഷകരുമായിത്തീരണമെന്ന് പന്തക്കുസ്താത്തിരുനാൾ ഓർമിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ നമ്മൾ സുവിശേഷപ്രേഷിതരായി വർത്തിക്കേണ്ടത് മുഖ്യമായും നമ്മുടെ കുടുംബങ്ങളിലും പ്രവർത്തനമണ്ഡലങ്ങളിലുമാണെന്നുമുള്ള തിരിച്ചറിവിലേക്ക് നടന്നടുക്കുവാൻ പന്തക്കുസ്താത്തിരുനാൾ നമ്മെ സഹായിക്കട്ടെ. കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഭൂമുഖത്തെ നവീകരിക്കണമെയെന്ന് നമുക്ക് പ്രാർഥിക്കാം. വി. ആഗസ്തിനോസിന്റെ പ്രാർത്ഥനയോടെ ഈ വിചിന്തനം അവസാനിപ്പിക്കാം. ‘‘പരിശുദ്ധാത്മാവേ, എന്നിലെ ശ്വാസമായാലും; എന്റെ ചിന്തകൾ വിശുദ്ധീകരിക്കപ്പെടട്ടെ. പരിശുദ്ധാത്മാവേ, എന്നിൽ ചലനമുളവാക്കിയാലും; എന്റെ പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കപ്പെടട്ടെ. പരിശുദ്ധാത്മാവേ, എന്റെ ഹൃദയത്തെ അങ്ങിലേക്ക് അടുപ്പിച്ചാലും; ഞാൻ വിശുദ്ധമായവയെ സ്നേഹിക്കട്ടെ. എന്നെ ശാക്തീകരിച്ചാലും; വിശുദ്ധമായവയെ ഞാൻ ആശ്ലേഷിക്കട്ടെ. എന്നെ പരിരക്ഷിച്ചാലും; ഞാൻ എപ്പോഴും നിർമലനായിത്തീരട്ടെ’’.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്
21.05.2021

Read More:wwwsyromalabarliturgy.org

